"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുമരാമത്ത് വകുപ്പ് - നിയമസഭാ ഹോസ്റ്റലിലെ പമ്പാ ബ്ലോക്ക് സമുച്ചയത്തിന്റെ പുനർനിർമ്മാണം - RUBCO-യുടെ അംഗീകരിച്ച വില നിർണ്ണയം ലിസ്റ്റിൽ ഉൾപ്പെടാത്ത നാല് (4) ഇനങ്ങൾ ഉൾപ്പെടുത്തി ഫർണിച്ചർ വാങ്ങൽ — 24.11.2025-ലെ സ.ഉ (സാധാ) നം.59/2025/പൊ.മ.വ പ്രകാരം ചീഫ് എഞ്ചിനീയർക്ക് നൽകിയ അനുമതി — നടപടി സാധൂകരിച്ച് — ഉത്തരവാകുന്നു.

---

പൊതുമരാമത്ത് (ഇ) വകുപ്പ്

സ.ഉ.(കൈ) നം.10/2026/PWD തീയതി,തിരുവനന്തപുരം, 01-02-2026

---

പരാമർശം:-

1. 21.08.2019-ലെ സ.ഉ.(അച്ചടി) നം.111/2019/ഫിൻ.
2. 26.09.2022-ലെ സ.ഉ.(സാധാ) നം.965/2022/പൊ.മ.വ.
3. 12.12.2022-ലെ സ.ഉ.(സാധാ) നം.1215/2022/പൊ.മ.വ.
4. കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ 27.09.2025-ലെ CEPWD/12661/2021-A1(W)-BL നമ്പർ കത്ത്.
5. 24.11.2025-ലെ സ.ഉ.(കൈ) നം.59/2025/പൊ.മ.വ.

<u>ഉത്തരവ്</u>

നിയമസഭാ ഹോസ്റ്റലിലെ പമ്പ ബ്ലോക്ക് പൊളിച്ച് പുതിയ ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിനായി പരാമർശം (2) പ്രകാരം 73,19,10,000/- രൂപയുടെ ഭരണാനുമതിയും തുടർന്ന്, പരാമർശം (3) പ്രകാരം പമ്പാ ബ്ലോക്ക് സമുച്ചയത്തിന്റെ പുനർനിർമ്മാണത്തിനായി 76,96,51,000/-രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

(2) രണ്ട് സെല്ലാറും ഗ്രൗണ്ട് ഫ്ലോറും ഉൾപ്പെടെ 13 നിലകളിലായി നിർമ്മിക്കുന്ന ഈ കെട്ടിടത്തിൽ 60 ഫ്ലാറ്റുകൾ, 2 ഗസ്റ്റ് ഫ്ലാറ്റുകൾ, കാന്റീൻ സമുച്ചയം, ജിംനേഷ്യം മുതലായവ ഉൾപ്പെടുന്ന നിയമസഭാ ഹോസ്റ്റലിലെ പമ്പാ ബ്ലോക്കിന്റെ പുനർനിർമ്മാണ പ്രവൃത്തികൾ EPC Mode-ൽ നടന്നു വരവേ, പ്രവൃത്തിയുടെ സ്കോപ്പിൽ ഉൾപ്പെടുന്നതുമായ ഓരോ ഫ്ലാറ്റിലേക്കും ആവശ്യമായ

മൂവബിൾ ഫർണീച്ചറുകളുടെ പർച്ചേസ് സഹകരണ സ്ഥാപനമായ റബ്കോ നിന്നും വാങ്ങാവുന്നതാണെന്നും 2025 ജൂൺ 25-ന് ബഹു. സ്പീക്കറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ തീരുമാനിക്കുകയുണ്ടായെന്നും പരാമർശം (3) പ്രകാരം പമ്പാ ബ്ലോക്കിന്റെ പുനർനിർമ്മാണ പ്രവൃത്തിയുടെ ഭരണാനുമതി തുക ₹76,96,51,000/- രൂപയാണെന്നും EPC ടെൻഡർ പ്രകാരം ₹62,34,88,599/- രൂപയ്ക്ക് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ച നിർമാണ പ്രവൃത്തിക്കായി തുക വകയിരുത്തിയിട്ടുണ്ടെന്നും പ്രസ്തുത ഭരണാനുമതിയിൽ തന്നെ EPC ടെൻഡർ ചെയ്ത മേൽ പ്രവൃത്തിക്ക് ആവശ്യമായ തുക കഴിഞ്ഞ് ₹2,32,30,000.66/- രൂപ മൂവബിൾ ഫർണീച്ചർ വാങ്ങുന്നതിനായി ലംപസം പ്രൊവിഷൻ (lump sum provision) ആയി വകയിരുത്തിയിട്ടുണ്ടെന്നും , RUBCO-യിൽ നിന്ന് മൂവബിൾ ഫർണീച്ചർ വാങ്ങുന്നതിനും, RUBCO-യുടെ അംഗീകരിച്ച വില നിർണ്ണയം നടത്തിയ ലിസ്റ്റിൽ (price list) ഉൾപ്പെടാത്ത ഇനങ്ങളും ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങുന്നതിനുമായി, പി.ഡബ്ല്യു.ഡി മാന്വൽ Clause-2014 പ്രകാരമുള്ള വിഘടിപ്പിച്ച ടെണ്ടർ നടപടിക്ക് അനുമതി നൽകണമെന്ന് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ പരാമർശം (4) പ്രകാരം, സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3) സ്റ്റോർ പർചേസ് മാനുവലിലെ ഖണ്ഡിക 2.3, 7.20(iii) പ്രകാരം പീസ് മീൽ (piecemeal purchase) അനുവദനീയമല്ലാത്തതിനാൽ, പി.ഡബ്ല്യു.ഡി മാന്വൽ, 2021-ലെ Clause-2014 പ്രകാരമുള്ള വിഘടിപ്പിച്ച ടെണ്ടർ അനിവാര്യമായതായി കണ്ടെത്തി. എം.എൽ.എ. ഹോസ്റ്റലിലെ പമ്പാ ബ്ലോക്കിന്റെ പുനർനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിന്റെ അനിവാര്യതയും പരിഗണിച്ച്, RUBCO-യുടെ അംഗീകരിച്ച വില നിർണ്ണയം ലിസ്റ്റിൽ ഉൾപ്പെടാത്ത നാല് (4) ഇനങ്ങൾ കൂടി ഉൾപ്പെടുത്തി RUBCO-യിൽ നിന്ന് ഫർണിച്ചറുകൾ വാങ്ങുന്നതിനും, വിഘടിപ്പിച്ച ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനുമായി, പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് പരാമർശം (5) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

(5) മേൽ സാഹചര്യത്തിൽ, സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും നിയമസഭാ ഹോസ്റ്റലിലെ പമ്പാ ബ്ലോക്ക് സമുച്ചയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് റബ്കോയുടെ അംഗീകരിച്ച വില നിർണ്ണയം നടത്തിയ ലിസ്റ്റിൽ ഉൾപ്പെടാത്ത നാല് ഐറ്റം കൂടി ഉൾപ്പെടുത്തി റബ്കോയിൽ നിന്നും ഫർണിച്ചറുകൾ വാങ്ങുന്നതിനും പി.ഡബ്ല്യു.ഡി മാന്വൽ Clause-2014 പ്രകാരമുള്ള വിഘടിപ്പിച്ച ടെണ്ടർ - നും പൊതുമരാമത്ത് കെട്ടിട വിഭാഗം, ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകി കൊണ്ട് പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

സെക്രട്ടറി, കേരള നിയമസഭ(ആമുഖ കത്ത് സഹിതം )

ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗം, പൊതുമരാമത്ത് വകുപ്പ്,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ട്സ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം :3601തീയതി 28.01.2026)

ധനകാര്യ വകുപ്പ് (18-06-2022, 05.09.2022, 05.12.2022, 27.06.2023, 25.07.2025- ലെ I&PW-B2/85/2022-FIN(2027618) നമ്പർ അഭിപ്രായങ്ങൾ)

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ്( 04.11.2025- ലെ PPA-B3/193/2025-PPAD നമ്പർ അഭിപ്രായം)

✓ഇൻഫർമേഷൻ ഓഫീസർ (വെബ്& ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sudha B
സെക്ഷൻ ഓഫീസർ
Date: 02-02-2026 13:56:51

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്